താപവൈദ്യുതി നിലയത്തിന്റെ നിർമ്മാണം

77 (1229) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോംബെ സബർബൻ ഇലക്ട്രിക് സപ്ലൈസും കെ.എസ്.ഐ.ഡി.സി.യും ചേർന്ന് രൂപീകരിച്ചിട്ടുള്ള ജി.എസ്.ഇ.എസ്. കേരള പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി സംസ്ഥാനത്ത് സ്ഥാപിക്കുന്ന താപവൈദ്യുതി നിലയത്തിന്റെ നിർമ്മാണം എന്നു പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത് ;

(ബി) ഇതുവരെ ഇതിന്റെ എത്ര ശതമാനം പണി പൂർത്തിയായി ;

(സി) ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഇത് എന്നേക്ക് കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-ഡി) കമ്പനി കൊച്ചിയിൽ സ്ഥാപിക്കുന്ന നിലയത്തിന്റെ ആദ്യഘട്ടങ്ങളായ 3 ഗ്യാസ് ടർബൈനുകളുടെ നിർമ്മാണം പൂർത്തിയാവുകയും ഇവിടെ നിന്നും ഇൻഫേം അടിസ്ഥാനത്തിൽ വൈദ്യുതി നൽകിവരുകയും ചെയ്യുന്നു. അവസാനഘട്ടമായ സ്റ്റീം ടർബൈന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. അവസാനഘട്ടം 2001 മാർച്ചിൽ കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സ്വകാര്യഭൂമിയിൽ കൂടി കെ.എസ്.ഇ.ബി.യുടെ വൈദ്യുതി ലൈൻ വലിക്കുന്നതിലെ വ്യവസ്ഥകൾ

78 (1230) ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യവ്യക്തികളുടെ ഭൂമിയിൽക്കൂടി വൈദ്യുതി ലൈൻ വലിച്ച് നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ബി) മറ്റൊരു രീതിയിൽ സൗകര്യമുണ്ടാകുമ്പോൾ പ്രസ്തുത ലൈൻ കണക്ഷൻ ലഭിച്ച കൺസ്യൂമറുടെ ചെലവിൽ മാറ്റി സ്ഥാപിക്കണമെന്ന് വ്യവസ്ഥയുണ്ടോ ;

(സി) ശ്രീമതി ഐഷാ കുഞ്ഞ്, എരമത്തുവീട്, കൃഷ്ണപുരം, ആലപ്പുഴ ജില്ല എന്ന ആളിന്റെ സ്ഥലത്തുകൂടി വലിച്ചിട്ടുള്ള ലൈൻ മാറ്റണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) എത്ര ലൈനാണ് അവരുടെ വസ്തുവിൽ കൂടി വലിച്ചിട്ടുള്ളത് ;

(ഇ) ഒന്നിലധികം ലൈൻ കുറഞ്ഞ വീതിയിലുള്ള സ്ഥലത്തുകൂടി കടന്നുപോകുന്നത് ഒഴിവാക്കുവാൻ ലൈനുകൾ മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly